വഹിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പണം ലഭ്യമാക്കുന്നതിന് നബാർഡിന്റെ സഹായവും ഉണ്ട്; 730 ലക്ഷം രൂപ നബാർഡിന്റെ സഹായമായി ലഭിക്കുന്നതാണ്.

(14) ആലപ്പുഴയിലെ കനാലുകളുടെ ശുദ്ധീകരണം

[11 AM] ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഈ പ്രശ്നം രണ്ടുമൂന്നു പ്രാവശ്യം ഇവിടെ ഉന്നയിച്ചതാണ്. 'കിഴക്കിന്റെ വെനീസ്' എന്നു പറയുന്ന സ്ഥലമാണ് ആലപ്പുഴ. അത് പറയാൻ പ്രധാനപ്പെട്ട കാരണം ആലപ്പുഴയിലെ കനാലുകളാണ്. ഒരു കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ഭംഗി ആലപ്പുഴയ്ക്ക് നൽകിയ കനാലുകൾ ഇന്ന് ഒരു ശാപമായി മാറിയിരിക്കുകയാണ്. വേസ്റ്റുകളൊക്കെ ഡംപ് ചെയ്യുന്ന ഡംപിംഗ് യാർഡായി ആലപ്പുഴയിലെ കനാലുകൾ മാറിക്കൊണ്ടിരിക്കുകയാണ്. കനാലുകളിൽ ഒഴുക്ക് ഉണ്ടാക്കിയെടുത്ത് അത് കടലുമായി ബന്ധിപ്പിക്കാനും, ഉപ്പുവെള്ളം കയറ്റാനുമുള്ള പദ്ധതികൾ ഇല്ലാത്തതുകൊണ്ട് ഈ കനാലുകൾ പൂർണ്ണമായും നശിച്ചുകിടക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. അത് ആലപ്പുഴയിലെ മുഴുവൻ ആൾക്കാരെയും ബാധിച്ചിട്ടുണ്ട്. രോഗാതുരമായ ഒരു സാഹചര്യം അവിടെ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് കോളറ പോലുള്ള രോഗങ്ങൾ പടർന്നു പിടിക്കാൻ സാഹചര്യമുണ്ടായത് എന്ന് എല്ലാവർക്കും അറിയാം. ഏറ്റവും ഗുരുതരമായ ഒരു സ്ഥിതി വിശേഷമാണ് ആ വലിയ പട്ടണത്തിന് വന്നിരിക്കുന്നത്. പലപ്രാവശ്യം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഉത്തരവാദപ്പെട്ട സമിതികൾ മുഖേന റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ഇതിനെ സംബന്ധിച്ച് സ്റ്റഡി നടത്തി ഒരു പ്രോജക്ട് റിപ്പോർട്ടുതന്നെ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എനിക്ക് പറയാനുള്ളത് ഈ കനാലിന്റെ കാര്യത്തിൽ ഇറിഗേഷൻ വകുപ്പിന് മാത്രമല്ല മുനിസിപ്പൽ അധികാരികളും ടൂറിസം വകുപ്പും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ഭാഗഭാക്കാകേണ്ടതായിട്ടുണ്ട്. എല്ലാ വകുപ്പുകളും കൂടി സംയോജിപ്പിച്ച് ബൃഹത്തായ ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിച്ചെങ്കിൽ മാത്രമേ ഈ കനാലുകൾ രക്ഷപ്പെടൂ. അതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി കനാലുകൾക്ക് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട മന്ത്രിമാരടക്കമുള്ളവരുടെ യോഗം വിളിച്ചുകൂട്ടി ഇത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനു വേണ്ടി ആലപ്പുഴ വികസന അതോറിറ്റി തയ്യാറാക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പു സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം 13.1.1999-ൽ വിളിച്ചു കൂട്ടുകയും പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി. ആലപ്പുഴ കനാൽ സംവിധാനത്തിന്റെ അടിസ്ഥാനപരമായ അപാകത ജലനിർഗ്ഗമനത്തിനുള്ള അപര്യാപ്തതയാണ്. ആയതിനാൽ കനാലിലെ ജലപ്രവാഹം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ആലപ്പുഴ കനാൽ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത് തുടങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ പൂർണ്ണ സഹകരണം കൂടി ലഭ്യമാക്കേണ്ടതാണ്. കനാലിന്റെ വശങ്ങളിലുള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കാനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്. നബാർഡിനെപ്പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഇറിഗേഷൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അന്തിമഘട്ടത്തിലാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയതു ലഭിച്ചു കഴിഞ്ഞാൽ സർക്കാർ തലത്തിൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു ഉന്നതതല യോഗം കൂടാവുന്നതാണ്.

(15) തിരുവനന്തപുരം-തമ്പാനൂർ പ്രദേശത്തെ ഡ്രെയിനേജ് ലൈൻ പൊട്ടിയതുമൂലമുള്ള പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ : സർ, തിരുവനന്തപുരം നഗരത്തിലെ ഹൃദയഭാഗമായ തമ്പാനൂർ പ്രദേശമാകെ ഡ്രെയിനേജ് ലൈൻ പൊട്ടിയും ഓവർഫ്ളോ ചെയ്തും മലമൂത്ര വിസർജ്ജ്യവസ്തുക്കൾ മുഴുവൻ റോഡിലൂടെ ഒഴുകുകയാണ്. ആ പ്രദേശത്തുള്ളവർക്കു മാത്രമല്ല മറ്റു ജില്ലകളിൽ നിന്ന് ബസിലും ട്രെയിനിലും ദിവസേന വന്നിറങ്ങുന്ന ആയിരക്കണക്കിന് യാത്രക്കാർ, സെക്രട്ടറിയറ്റിലും ഈ അസംബ്ലിയിലും വരുന്ന ആളുകൾ ഇവർക്കൊക്കെ ഇതിൽ ചവിട്ടി മാത്രമേ സഞ്ചരിക്കാൻ കഴിയുകയുള്ളൂ. വീടുകളിൽ നിന്ന് ഡ്രെയിനേജ് ലൈനിലേക്ക് വിസർജ്ജ്യവസ്തുക്കൾ ഒഴുകുന്നതിനുപകരം തിരിച്ച് വീടുകളിലേക്ക് ഒഴുകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് ആ പ്രദേശത്തെ ജനജീവിതമാകെ ദുസ്സഹമായിരിക്കുകയാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം പുതിയ ഡ്രെയിനേജ് ലൈൻ ഇടാൻ പി.ഡബ്ല്യൂ.ഡി. ക്ക് പണം അടയ്ക്കാനും കഴിയുന്നില്ല. ഈ കാര്യത്തിൽ തീരുമാനം എടുക്കുന്നതിനായി പി.ഡബ്ല്യൂ.ഡി., തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളുമടങ്ങുന്ന ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടി ഇതിൽ തീരുമാനമെടുക്കണം. അടിയന്തിരമായി ഈ നാട്ടുകാരുടെ ദുരിതത്തിന് ഒരു പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, തിരുവനന്തപുരം നഗരത്തിലെ സീവറേജ് സംവിധാനത്തിലെ പ്രവർത്തനക്ഷമമായിട്ടുള്ള ബ്ലോക്കുകളിലെ ഏറ്റവും പഴക്കം ചെന്നതും നഗരത്തിന്റെ പ്രധാന ഭാഗങ്ങളായ കവടിയാർ, വെള്ളയമ്പലം, വഴുതക്കാട്, തൈയ്ക്കാട്, തമ്പാനൂർ, പഴവങ്ങാടി, പുത്തൻചന്ത, പാളയം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതുമാണ് "എ" ബ്ലോക്ക്. 1945-ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതി 30 വർഷത്തേയ്ക്കാണ് വിഭാവനം ചെയ്തിരുന്നത്. സ്വാഭാവികമായും 1975-ൽ ഇതിന്റെ പുനരുദ്ധാരണ പണികൾ പൂർത്തിയാക്കേണ്ടതായിരുന്നു. ഈ ബ്ലോക്കിലെ അഞ്ച് പ്രധാന നിർഗ്ഗമനക്കുഴലുകളിലൊന്നായ ഇന്റർസെപ്റ്റിംഗ് സീവർ-3 ഒബ്സർവേറ്ററി ഹിൽ ഭാഗത്ത് നിന്ന് ആരംഭിച്ച് തമ്പാനൂർ ഭാഗത്തുകൂടി റെയിൽവേ ലൈൻ ക്രോസ്സ് ചെയ്ത് കുര്യാത്തിയിലെത്തിച്ചേരുന്നു.

തിരുവനന്തപുരം നഗരത്തിലെ സീവറേജ് സംവിധാനത്തിന്റെ പുനരുദ്ധാരണ പണികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തിയാക്കുവാൻ സാധി